ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം-12
**തീയതി :04-06-2014**

**ഉത്തരവ് നമ്പർ.109/ക്യാമ്പ്/ഡി.ജി.പി(പ്രിസൺസ്)/2014**

താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ എല്ലാ മേഖലാ ഡി.ഐ.ജിമാരും, റീജിയണൽ വെൽഫെയർ ആഫീസർമാരും, സെൻട്രൽ ജയിൽ സൂപ്രണ്ടുമാരും, ഓപ്പൺ ജയിൽ സൂപ്രണ്ടുമാരും, ജില്ലാ ജയിൽ സൂപ്രണ്ടുമാരും കർശനമായി പാലിക്കേണ്ടതാണ്.

രാത്രി സമയങ്ങളിലും മറ്റും തങ്ങളുടെ കീഴിൽ വരുന്ന ജയിലുകളിൽ മിന്നൽ പരിശോധന നടത്തി നിയമവിരുദ്ധമായ കാര്യങ്ങൾ നടക്കുണ്ടോ, മയക്കുമരുന്നുകളുടെ ഉപയോഗം, നിയമവിരുദ്ധമായ മൊബൈൽ ഫോൺ ഉപയോഗം ഇവ നടക്കുന്നുണ്ടോ എന്നും, ജയിൽ സ്റ്റാഫുകൾ ആരെങ്കിലും നിയമ വിരുദ്ധമായ സാധനങ്ങൾ ജയിലിനുള്ളിലേയ്ക്ക് കടത്തി തടവുകാർക്ക് നൽകുന്നുണ്ടോ, ഇവർ ആരെങ്കിലും മദ്യപിച്ചിട്ടാണോ ഡ്യൂട്ടിയ്ക്ക് വരുന്നത് തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കേണ്ട താണ്. ഒരു ഡി.ഐ.ജി. മാസത്തിൽ 4 ജയിൽ എങ്കിലും രാത്രി കാലങ്ങളിൽ മിന്നൽ പരിശോധന നടത്തിയിരിക്കണം. ഒരു റീജിയണൽ വെൽഫെയർ ആഫീസർ മാസത്തിൽ 4 ജയിലും. സെൻട്രൽ ജയിൽ സൂപ്രണ്ടുമാരും, ഓപ്പൺ ജയിൽ സൂപ്രണ്ടുമാരും, ജില്ലാ ജയിൽ സൂപ്രണ്ടുമാരും ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും രാത്രിയിൽ മിന്നൽ പരിശോധന നാത്തേണ്ടതാണ്. മേഖല ഡി.ഐ.ജി മാർ നടത്തുന്ന മിന്നൽ പരിശോധനാ റിപ്പോർട്ടുകളുടെ വിവരം ഡി.ജി.പി.യേയും, റീജിയണൽ വെൽഫെയർ ആഫീസർമാരും, മറ്റ് സൂപ്രണ്ടുമാരും നടത്തുന്ന മിന്നൽ പരിശോധനാ റിപ്പോർട്ടുകളുടെ വിവരം അതാത് ഡി.ഐ.ജി മാരെയും അറിയിക്കേണ്ടതാണ്. മിന്നൽ പരിശോധനയ്ക്കായി പോകുന്ന ആഫീസർമാർ ജയിലിലെ സന്ദർശന ബുക്കിലോ/ഇൻ ഔട്ട് രജിസ്റ്ററലോ എത്തിയ വിവരവും സമയവും രേഖപ്പെടുത്തേണ്ടതാണ്.

ടി.പി. സെൻ കുമാർ ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആൻറ് കറക്ഷണൽ സർവ്വീസസ്

എല്ലാ മേഖലാ ഡിഐ.ജി.മാർക്കും/
എല്ലാ സെൻട്രൽ ജയിൽ സൂപ്രണ്ടുമാർക്കും/
എല്ലാ ഓപ്പൺ ജയിൽ സൂപ്രണ്ടുമാർക്കും/